19/11/21 സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 950(2)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 13944/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ജോർജ്ജ് തട്ടിൽ,
മൂന്നാംനില, യൂട്ടിലിറ്റി ബിൽഡിംഗ്,
നെഹ്റു ബസാർ,
തൃശ്ശൂർ - 680 001. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പാമ്പാടി പോലീസ് സ്റ്റേഷൻ,
പാമ്പാടി,
കോട്ടയം. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 11/12/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 03/05/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 21/08/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 21/08/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/11/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 06/11/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. ജോർജ്ജ് തട്ടിൽ, 21/08/2019 തീയതി സമർപ്പിച്ച പരാതി ഹർജി അന്നേ ദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 950(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 11/12/2018 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കണമെന്നാണ്.

1. FIR -ന്റെ പകർപ്പും
2. Scene Mahazar-ന്റെ പകർപ്പും
3. Seizer Mahazar-ന്റെ പകർപ്പും
4. Inquest report-ന്റെ പകർപ്പും
5. Wound Certificate/Postmortem Certificate-ന്റെ പകർപ്പും
6. ആർസി, പെർമിറ്റ്, എഫ്.സി, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുൾപ്പെടെയുള്ള വാഹന രേഖകളുടെ പകർപ്പും
7. സൈറ്റ് സ്കെച്ചിന്റെ പകർപ്പും
8. സാക്ഷി മൊഴികളുടെ പകർപ്പും
9. കുറ്റപത്രത്തിന്റെ പകർപ്പും/സാക്ഷി മെമ്മോറാണ്ടത്തിനൊപ്പം അന്തിമ റിപ്പോർട്ടും

4. എതിർകക്ഷി 10/12/2019-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 11/12/2018 തീയതി സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷക്കും ആയത് ലഭിക്കാത്തത് മൂലം ടിയാൻ 03/05/2019-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷക്ക് മറുപടി നൽകിയില്ല എന്നുള്ളതും എസ്.പി.ഐ.ഒ-യുടെ ഭാഗത്തും നിന്നും മന:പ്പൂർവ്വം സംഭവിച്ച കാര്യമല്ല എന്നും ടിയാൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാര മുള്ള ആദ്യ അപേക്ഷ സബ് ഇൻസ്പെക്ടറെ അഡ്രസ് ചെയ്ത് അയച്ചിരുന്നെന്നും ആയത് സ്റ്റേഷൻ ഓഫീസിൽ ലഭിച്ചിട്ടുള്ളതും എന്നാൽ ശബരിമല മഹോത്സവം പ്രമാണിച്ച് എരുമേലി സെക്ടറിൽ പോലീസുദ്യോഗസ്ഥരെ അധികമായി നിയോഗി ക്കേണ്ടി വന്നതുമൂലം ഉണ്ടായ പോലീസുദ്യോഗസ്ഥരുടെ എണ്ണത്തിൽ ഉണ്ടായ ക്ഷാമം മൂലവും, ടി കാലയളവിൽ ബഹു. സുപ്രീം കോടതിയുടെ ശബരിമല സംബന്ധിച്ച വിധി വന്നതുമൂലവും അടിക്കടി ഉണ്ടായ ലോ ആന്റ് ഓഡർ ജോലിത്തിരക്ക് മൂലവും ഓഫീസിൽ ഡ്യൂട്ടി ഉണ്ടായിരുന്ന പോലീസുദ്യോഗസ്ഥർ ലോ ആന്റ് ഓഡർ ഡ്യൂട്ടിക്കായി

സ്ഥിരമായി നിയോഗിക്കേണ്ടതായി വന്നതിനാൽ ടി അപേക്ഷ എസ്.പി.ഐ.ഒ-യെ അറിയിക്കുന്നുതിന് വിട്ട് പോയത് മൂലം സംഭവിച്ചതാണെന്നും കൂടാതെ ടിയാൻ അപ്പീൽ അപേക്ഷ സമർപ്പിച്ച സമയം എതിർകക്ഷി കീഴായ്പ്പൂർ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്തു വരികയായിരുന്നു എന്നും ടിയാന്റെ ഭാഗത്തു നിന്നുമുണ്ടായ മന:പ്പൂർവ്വമായ വീഴ്ച്ചയല്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ എല്ലാം തന്നെ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിരുന്നതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 06-ാം തീയതി** കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV